KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.47/PR/PIC/PHQ/17 Date : 14.03.2017

കമ്യൂണിറ്റി പോലീസിങ് ദേശീയ സമ്മേളനം മാർച്ച് 16, 17 തീയതികളിൽ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കമ്യൂണിറ്റി പോലീസിങ് സംവിധാനത്തിന്റെ പുതുവഴികൾ ചർച്ച ചെയ്യുന്നതിനായി കേരള പോലീസ് സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സമ്മേളനം മാർച്ച് 16, 17 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. രാജ്യത്തെ കമ്യൂണിറ്റി പോലീസിങ് പദ്ധതികൾക്ക് കൂടുതൽ ദിശാബോധം പകരുന്നതിനും ഏറ്റവും മികച്ച കമ്യൂണിറ്റി പോലീസിങ് പദ്ധതിയെന്ന് സാർവദേശീയാംഗീകാരം ലഭിച്ച കേരളത്തിലെ ജനമൈത്രി പദ്ധതി കൂടുതൽ ശക്തമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ദേശീയ സമ്മേളനം സംഘടിപ്പിക്കുന്നത്. 267 സ്റ്റേഷനുകളിൽ നടപ്പാക്കിവന്ന ജനമൈത്രി പദ്ധതി സർക്കാർ കഴിഞ്ഞമാസം മുതൽ സംസ്ഥാനത്തെ മുഴുവൻ സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിരുന്നു.

കോവളം ഉദയ സമുദ്രയിൽ നടക്കുന്ന സെമിനാറിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, ശാസ്ത്രജ്ഞർ, സാമൂഹികശാസ്ത്രജ്ഞർ, ഗവേഷകർ, നിയമവിദഗ്ധർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ വിവിധ സെഷനുകളിലായി പങ്കെടുക്കും. 'മൗലിക വാദ-തീവ്രവാദ നിലപാടുകൾ വ്യാപിക്കുന്നത് തടയുന്നതിൽ കമ്യൂണിറ്റി പോലീസിങ്ങിന്റെ പങ്ക്' എന്നതാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ മുഖ്യവിഷയം. ഈ മുഖ്യവിഷയത്തിന്റെ ഭാഗമായി വിവിധതരം മൗലികവാദ നിലപാടുകൾ നേരിടുന്നതിനുള്ള ബദൽ തന്ത്രങ്ങൾ, മൗലികവാദ നിലപാടുകളും സൈബർ സ്പെയിസും, കമ്യൂണിറ്റി പോലീസിങ്ങിലെ വിജയമാതൃകകൾ തുടങ്ങിയ ഉപവിഷയങ്ങൾ വിവിധ സെഷനുകളിലായി ചർച്ച ചെയ്യും.

കോവളം ഉദയ സമുദ്രയിൽ മാർച്ച് 16ന് രാവിലെ 10.00 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യും. എം. വിൻസന്റ് എം.എൽ.എ. അധ്യക്ഷ പ്രസംഗം നടത്തും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ആമുഖാവതരണം നടത്തും. ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നളിനി നെറ്റോ പ്രഭാഷണം നടത്തും. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ രാജൻ ഗുരുക്കൾ

മുഖ്യാതിഥിയായിരിക്കും. കമ്യൂണിറ്റി പോലീസിങ് നോഡൽ ഓഫീസറായ ദക്ഷിണ മേഖല എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ സ്വാഗതവും തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാം നന്ദിയും പറയും.

അക്കാദമിക് വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഉന്നത പോലീസുദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ എന്നീ വിഭാഗങ്ങളിൽ നിന്നായി പ്രവീൺ സ്വാമി, അജയ്സാഹ്നി, അദിൽറഷീദ്, നളിൻ പ്രഭാത്, സുധാൻസു സാരംഗി, അസിം അരുൺ, രാജേഷ്കുമാർ, ശിവാജി ഘോഷ്, മനോജ് എബ്രഹാം, വിജയ് സാഖ്റെ, പല്ലവ് ഭട്ടാചാർജി, സഹീർ ഇഷാക് കസി, അതുൽ കുൽക്കർണി, ശ്രീജിത്.എസ്, മിത്രഭാനുമൊഹപത്ര, അമിത് കുമാർ സിങ്, ജോസി ജോസഫ്, അനൂപ് കൃഷ്ണ, ദേബേന്ദ്രകുമാർ സമൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

17ന് വൈകിട്ട് അഞ്ചിന് സമാപന സമ്മേളനം നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ആറ്റിങ്ങൽ എം.പി. എ.സമ്പത്ത് അധ്യക്ഷത വഹിക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ സ്വാഗതവും ദക്ഷിണ മേഖല എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ നന്ദിയും പറയും.

****